**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1997** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിലെ ഹാർഡ്‌വെയർ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2022-ൽ എത്ര കോടി രൂപയുടെ ഐ.ടി. ഹാർഡ്‌വെയർ ഉല്പാദനമാണ് സംസ്ഥാനത്ത് നടന്നത്; വിശദമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ 5,06,00,000 (അഞ്ചുകോടി ആറു ലക്ഷം രൂപ) യുടെ ഉത്പാദനമാണ് സംസ്ഥാനത്ത് നടന്നത്. |
| (ബി) | ആയത് മുൻവർഷത്തെ അപേക്ഷിച്ച് എത്ര കൂടുതലാണ്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തെക്കാൾ 2021-22 സാമ്പത്തിക വർഷത്തിൽ 18% ഉത്പാദനം കൂടുതൽ നടത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉല്പാദനം 2025-26 ആകുമ്പോഴേയ്ക്കും എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (സി) | 2025-26 സാമ്പത്തിക വർഷത്തിൽ 20,00,00,000/- (ഇരുപത് കോടി രൂപ) യായി ഉത്പാദനം ഉയർത്താൻ ലക്ഷ്യമിടുന്നു. |
| (ഡി) | സംസ്ഥാനത്തെ സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കുവാൻ നൂതനമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | സർക്കാർ ഐ.ടി പാർക്കുകളെ കേന്ദ്രീകരിച്ചാണ് കൂടുതലായും ഐ.ടി വികസനത്തിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നത്. ഐ.ടി പാർക്കുകളിൽ സ്വകാര്യ സംരംഭകരെയും കമ്പനികളെയും ആകർഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ